MR. C. KUMARA DAS: They are being taken delivery of, as and when they arrive.

The question that Government be granted a sum of Rs. 4,00,000 under Demand XL—Debt Heads-Advances—was put and carried.

The demand was passed and the grant was made.

PRESENTATION AND CONSIDERATION OF THE REPORT OF THE PUBLIC ACCOUNTS COMMITTEE ON THE AUDIT REPORT AND APPROPRIATION ACCOUNTS OF 1119 M. E.

MR. PULIYOOR T. P. VELAYUDHAN PILLAI: സർ, ഈ സഭയുടെ അലോചനയ്ക്കായി സമർപ്പിച്ചിട്ടുള്ള പബ്ലിക്ക് അക്കൌണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകളെ സംബന്ധിച്ച്, അദ്ധ്യക്ഷസ്ഥാനത്തുനിന്നും പ്രസ്താവിച്ചതുപോലെ എല്ലാ വർഷവും ഗവൺമെൻറിന്റെ ശ്രദ്ധക്ക് പ്രത്യേകമായി ഞാൻ ചില സംഗതികൾ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള കാര്യങ്ങളിൽ അതു് അർഹിക്കുന്നതായ ശ്രദ്ധ ഗവണ്മെൻറോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുമേധാവികളോ ചെലുത്തിയിട്ടില്ല എന്നും. ഈ വിഷയത്തിൽ ആശാസ്യമായ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നുമുള്ള സംഗതി വ്യസനപൂർവമേതം ഈ സഭയെ ആദ്യമായി തന്നെ അറിയിക്കേണ്ടിയിരിക്കുന്നു. ഫ്രഞ്ച്-ലേയും ഫ്രഞ്ച്-ലേയും പബ്ലിക്ക് അക്കൌണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകൾ ഈ സഭയുടെ ആലോചനയ്ക്കു വിഷയീഭവിക്കാതെയിരിക്കുകയില്ലെന്നും, അതിലേക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുവെന്ന സംഗതി ഇന്നും നമ്മുടെ സ്മരണയിൽനിന്നും വിട്ടുപോയിട്ടില്ല. ഇപ്പോൾ വാദവിഷയമായിരിക്കുന്ന ഫ്രഞ്ച്-ലെ റിപ്പോർട്ടിനെ നിദാനമായ ചർച്ചകളിൽ കമ്മിറ്റിയിലെ ഒരംഗമായിരുന്ന മി. നടരാജപിള്ള പ്രദർശിപ്പിച്ചിട്ടുള്ള സൂക്ഷ്മമായ സേവനങ്ങൾക്ക് ഞാൻ എന്റെ സ്വന്ത നിലയിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. മി. നടരാജപിള്ള പല സുപ്രധാനങ്ങളായ കാര്യങ്ങളിലേക്ക് ഗവണ്മെൻറിന്റെയും പ്രസിഡൻറിന്റെയും ശ്രദ്ധയെ ക്ഷണിക്കുകയും അതിലേക്ക് താൽക്കാലികമായ ചില നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സർ, ഓഡിറ്റ് റിപ്പോർട്ട്സ് ആൻറ് അപ്രോപ്രിയേഷൻ അക്കൌണ്ട്സിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാന കാര്യങ്ങളെ സംബന്ധിച്ചു കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്നു കമ്മറിക്കു അഭിപ്രായമാകുന്ന അവസരങ്ങളിൽ ഡിപ്പാർട്ടുമെൻറു മേധാവികളെയും മറ്റും കമ്മറിയോഗങ്ങളിൽ വരുത്തി വിസ്തരിക്കുന്നതിനുപോലും ഈ കമ്മിറ്റിക്ക് നിയമപ്രകാരംതന്നെ അധികാരവും അവകാശവും ഉള്ളതാണ്. എന്നാൽ ചില ഉദ്യോഗസ്ഥന്മാർ അപ്രകാരം പ്രവർത്തിക്കാതെ മനഃ

LIBRARY ARCHIVES Kerala Legislative Assembly

പൂർവ്വം അക്ഷന്തവ്യമായ വീഴ്ച കാണിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഞാൻ ഈ ഘട്ടത്തിൽ ഏറ്റവും പ്രധാനമായി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധാപൂർവ്വവും നിയമവിരുദ്ധവുമായുള്ള നടത്തകളെ ഭാവിയിലെങ്കിലും തടയത്തക്കവണ്ണം അവരുടെ മേൽ കർശനമായ നടപടി നടത്തണമെന്നാണു്. ഈ റിപ്പോർട്ടിന്റെ ഫർഫാംവശത്തു നോക്കിയാൽ ഉദ്യോഗസ്ഥന്മാരുടെ ഇത്തരമായ അനാസ്ഥ പ്രത്യക്ഷത്തിൽ കാണാവുന്നതാണു്. സ്റ്റോറു് ടാൻസ്പോർട്ട് ഡിപ്പാർട്ടമെന്റിലേയും ഗവണ്മെന്റിലേയും കണക്കുകൾതമ്മിൽ തമ്മിൽ ഒരേ ഐറ്റത്തെ സംബന്ധിച്ചതന്നെയും വളരെ വ്യത്യാസമുണ്ടെന്നുള്ള കാര്യം രണ്ടു ഡിപ്പാർട്ടമെന്റിലേയും മേധാവികളും പ്രത്യക്ഷമായി സമ്മതിച്ചിരിക്കുന്നു. റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു.

"Mr. Ramamurthi was then asked about the final grant for the year under that item. He said that it was Rs. 19,07,608 and not Rs 20 85 108 as shown in the printed report and that there was some difference in figures between his account and the Government account. Mr. Nataraja Pillai wanted to know the reason for such variation.....As adequate answers could not be given by the Director without previous notice further discussion was postponed to a further date'

ടാൻസ്പോർട്ട് ഡിപ്പാർട്ടമെന്റിന്റെ കണക്കും ഗവണ്മെന്റിന്റെ കണക്കുമായി ഒരേ കാര്യത്തെസംബന്ധിച്ചു് ഭിന്നമായ രൂപകം കാണുന്നതിനിടയായി എന്നുള്ളതാണു്. എന്നാൽ എന്തുകൊണ്ടാണു് ഈ വ്യത്യാസം വന്നിട്ടുള്ളതു് എന്നുള്ളതിലേക്കു്. ഒരു വിശദീകരണം നൽകുന്നതിനു് ടാൻസ്പോർട്ട് ഡയറക്ടക്കു് സാധ്യമായില്ല. ഇതിൽ നിന്നും വ്യക്തമാകുന്നതു് ആദ്യദിവസം ടാൻസ്പോർട്ട് ഡയറക്ടക്കു് രണ്ടു കണക്കിലും സംഭവിച്ചിട്ടുള്ള വ്യത്യാസത്തെ സംബന്ധിച്ചുള്ള വിശദീകരണം നൽകാൻ സാധിച്ചില്ല എന്നും അതിലേക്കുവേണ്ടി മാത്രം കമ്മിറ്റിയുടെ നടപടികളും മറ്റൊരു ദിവസത്തേക്കു് മാറ്റിവച്ചു എന്നുമാണു്. എന്നാൽ അപ്രകാരം വിശദീകരണം നൽകുന്നതനായി മാറ്റിവച്ചു യോഗം കൂടിയ ദിവസം ടാൻസ്പോർട്ട് ഡയറക്ടർ മനഃപൂർവ്വം ഹാജരാകാതെ മാറിക്കളഞ്ഞതായും തൻനിമിത്തം തത്സംബന്ധമായ വിശദീകരണം കമ്മിറ്റിക്കു ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ട് ഫർഫാംവശത്തുനിന്നും കാണുവാൻ കഴിയും. ഇതു കമ്മിറ്റിയുടെ നേരെ ടാൻസ്പോർട്ടുഡയറക്ടർ പ്രദർശിപ്പിച്ചിട്ടുള്ള ഒരു അവഹേളനമല്ലെങ്കിൽ മറ്റെന്താണു്? റിപ്പോർട്ട് ഫർഫാംവശത്തു "The expenditure under

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai]

Transport department was then tacken up for consideartion and Mr. P. S. NatarajaPillai remarked at the outset that the presence of the head of the department should hereafter be insisted upon- On the Committee had the right to examine the Heads of Departments at the meeting and that the failure of the Director of Transport to be present should be noted" ഞാൻ ഈ സഭയുടെയും ഗവണ്മെൻറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്ന സംഗതി ഇതിന്റെ ഔചിത്യത്തെ സംബന്ധിച്ചുമാത്രമല്ല പിന്നയോ ഏറ്റവും ഉത്തരവാദിത്വമുള്ളതും നിയമപ്രകാരം കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളതുമായ പബ്ലിക്ക് അക്കൌണ്ട്സ് കമ്മിറ്റി ഒരു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനചരിത്രത്തെ സംബന്ധിച്ച് വിമർശനം നടത്തിയ അവസരത്തിൽ ആഡിപ്പാർട്ടുമെൻറിന്റെ പിശകുകളെപ്പറ്റി ഒരു വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകയും അപ്പോൾ അവിടെ ഹാജരുണ്ടായിരുന്ന ആ ഡിപ്പാർട്ടുമെൻറിന്റെ മേധാവി അന്ന് ഒരു വിശദീകരണം നൽകാതെയും അതിലേക്കുവേണ്ടി മാത്രം കമ്മിറ്റി വീണ്ടും കൂടുന്ന മറ്റൊരു ദിവസത്തിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്നതിന്റെ അനാശാസ്യതയെപ്പറ്റിയാണ് ഇവിടെ ചിന്തിക്കേണ്ടത്. ഇത് ഏറ്റവും ആക്ഷേപാർഹമായ നയമാണ്. ഇതിന് ഡയറക്ടർക്ക് എന്തു സമാധാനമാണുള്ളതെന്നു ഈ സഭയ്ക്ക് അറിയേണ്ടതായിട്ടുണ്ട്.

MR. P. O. THOMAS : പിന്നീട് ഏതെങ്കിലും അവസരത്തിൽ ഇതിനെപ്പറ്റിയുള്ള വിശദീകരണം കമ്മിറ്റിക്കു കൊടുത്തിട്ടുള്ളതായി റിപ്പോർട്ടിൽ കാണുന്നുണ്ടോ?

MR. PULIYOOR T. P. VELAYUDHAN PILLAI : ഇതേ സംബന്ധിച്ചുള്ള വിശദീകരണം റിപ്പോർട്ടിലെങ്ങുംതന്നെ കാണുന്നില്ല.

മറ്റൊരു കാര്യം ഇതാണ്. ആഡിറ്റ് റിപ്പോർട്ട്സ് ആൻറ് അപ്രോപ്രിയേഷൻ അക്കൌണ്ട്സിൽ നടപ്പാംവശത്തു നിന്നും അകപ്പാടെ ഫണ്ടൽ സപ്ലിമെൻററി ഡിമാൻറ്സ് ഫാർ ഗ്രാൻറ്സ് എന്നുള്ള നിലയിൽ 8 8 നെന്നു ശ്രദ്ധ രണ്ടു സഭകളിൽനിന്നും അനുവദിച്ചിരിക്കുന്നുവെന്ന് നാം കാണുന്നു. കൂടാതെ നിയമസഭകളുടെ അനുവാദം വാങ്ങാതെ തന്നെ അടിയന്തിരസന്ദർഭങ്ങളിൽ നിയമസഭാചട്ടം നടപടിക്രമപ്രകാരം ഏതു തുകയും സർട്ടിഫൈ ചെയ്യുവാൻ ചിലവാക്കുന്നതിനും ദിവാൻപ്രസിഡൻറിനുവർകൾക്ക് സ്വതസിദ്ധമായ അധികാരവുമുണ്ട്; അങ്ങിനെ അനുവദിച്ചിട്ടുമുണ്ട്. അതിനെപ്പറ്റി ഒന്നുംതന്നെ ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുന്നില്ല. എന്നാൽ ബഡ്ജറ്റനുസരിച്ച് സെക്ഷൻ നടപടി അനുസരിച്ചോ സപ്ലിമെൻററി ഗ്രാൻറനുസരിച്ചോ നാൻവോട്ടബിൾ ഐറ്റം ആയിട്ടുള്ള നിലയിൽ ഗവണ്മെൻറ് ആത

LIBRARY ARCHIVES Kerala Legislative Assembly

റെസേഷൻ അനുസരിച്ചും അല്ലാതെ അധികൃതമായി ഏതെങ്കിലും തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ അതു് ഏറ്റവും ഗൗരവമായ ഒരു ന്യൂനത തന്നെയാണു്. ഇപ്രകാരമുള്ള യാതൊരനുവാദവും ക്രോതെതന്നെ ഡിപ്പാർട്ടുമെൻറു മേധാവികൾ ഫണ്ടിൽ ധാരാളം പണം ചെലവു ചെയ്തിട്ടുണ്ടെന്നു റിപ്പോർട്ടിൻെറ സപ്ലിമെൻറു വശം നോക്കിയാൽ കാണാം. ഫണ്ടിൽ വസ്തുവകയ്ക്കു തുക യാതൊരു അനുവാദവും ക്രോതെ ചെലവു ചെയ്തിരിക്കുന്നതായി റിപ്പോർട്ടിൽ കാണുന്നു. ഗവണ്മെൻറിൻെറയോ നിയമസഭകളുടെയോ അനുവാദം ക്രോതെതന്നെ ഒരു വർഷത്തിൽ ഇത്ര വലിയ തുക ചെലവുചെയ്യുവെന്നു കാണുന്നതു് ഏറ്റവും പരിതാപകരമായ ഒരവസ്ഥയാണു്. ഗവണ്മെൻറുപണത്തെ സംബന്ധിച്ചു് ശരിയായ നിയന്ത്രണമില്ലാതെയാണു് ഓരോ അഡ്മിനിസ്ട്രേറ്റീവു് ഡിപ്പാർട്ടുമെൻറും ഭരണം നടത്തുന്നതു് എന്നുള്ളതിനു് ഇതു് ഒന്നാമത്തെ ദൃഷ്ടാന്തമാണു്. ഇതു് ഏറ്റവും അനാശാസ്യമായ ഒരു നിലയെ സൃഷ്ടിക്കുന്നുണ്ടു്.

PRESIDENT: Mr. Financial Secretary, is that correct? I will ask you later on to answer it.

MR. PULIYOOR T. P. VELAYUDHAN PILLAI : ഞാൻ പ്രസ്താവിച്ചിട്ടുള്ള സംഖ്യകളും സംഗതികളും തികച്ചും യഥാർത്ഥങ്ങളാണെന്നു ഗവണ്മെൻറു റിപ്പോർട്ടുകൊണ്ടുതന്നെ സാക്ഷ്യം വഹിക്കുന്നു സ്ഥിതിക്കു് അതു ശരിയാണോ എന്നുള്ള സംശയത്തിനു അവകാശമില്ല.

PRESIDENT: Order, order. I understand your points. No doubt, the honourable member is quite justified in saying that there should be some definite authority for making the disbursement either under Section 32 by way of authorisation or by way of supplementary grant.

PULIYOOR T. P. VELAYUDHAN PILLAI : ഞാൻ ഈ സംഖ്യയുടെ വിനിയോഗത്തിൻെറ ഔചിത്യാവശ്യങ്ങളെപ്പറ്റിയല്ലാ ഇപ്പോൾ ചർച്ചചെയ്യുന്നതു്. അതെങ്ങനെയും ഇരിക്കട്ടെ. ഒന്നുകിൽ സെക്ഷൻ 32 അനുസരിച്ചു സർട്ടിഫൈചെയ്തിരിക്കണം. അല്ലെങ്കിൽ ഗവണ്മെൻറു അതറൈസേഷൻ വേണം. ഈ വക യാതൊരനുവാദവും ക്രോതെ രൂപത്തുതൽ തോന്ന്യാസമായി ചിലവു ചെയ്യുന്ന നയത്തിനു ഉടനടി ഒരു വിരാമം ഇടേണ്ടതു് അത്യന്താപേക്ഷിതമാണു്.

MR. K. A. MAHOMED : അങ്ങിനെ ഒന്നും ഉണ്ടായിട്ടില്ലെങ്കിൽ ഈ പണം എവിടെനിന്നാണു് കിട്ടിയതു്? ഈ തുക ഗവണ്മെൻറിയാതെ ചെലവുചെയ്യാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T.P. VELAYUDHAN PILLA : ഈ സംഖ്യ ഗവണ്മെൻറ മുതൽ തന്നെയാണ്. പക്ഷേ ഗവണ്മെൻറിൻെറ നിശ്ചയക്കുറവു നിമിത്തം ഡിപ്പാർട്ട്മെൻറ മേധാവികൾ അനാവശ്യം ക്രടാതെയും അനധികൃതമായും മുതൽ ചെലവുചെയ്യുന്നുവെന്നാണ് എൻറ ആക്ഷേപം. ഇതു ഏറ്റവും ഗൗരവാവഹമായ ഒരു കാര്യമായി അങ്ങു് സഭയും ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുന്നു.

വേറെ ഒരു കാര്യം പ്രത്യേകം ഈ സഭയുടേയും അങ്ങയുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്. ഒറിജിനൽ ഗ്രാൻറും സപ്ലിമെൻററി ഗ്രാൻറും സെക്ഷൻ നമ്പ അനുസരിച്ചു ഗവണ്മെൻറ സാങ്ഷനും വാങ്ങിച്ചതിനുശേഷം ആണ്ടവസാനത്തിൽ നോക്കുമ്പോൾ ഭീമമായ സംഖ്യ ബാക്കി വരുന്നതായി കാണുന്നുണ്ടു്. അനാവശ്യമായ സപ്ലിമെൻററി ഗ്രാൻറുകളാണ് ഇങ്ങനെയുള്ളതെന്നു പറയേണ്ടതില്ലല്ലോ. ഈ വിഷയത്തെ സംബന്ധിച്ചു ഈ സഭയുടെ ശ്രദ്ധയിൽ പലപ്രാവശ്യവും കൊണ്ടു വന്നിട്ടുണ്ടു്.

എല്ലാവർഷത്തിലും മേലാൽ അങ്ങിവ്വിധം വരുന്നതാണെന്നു ഗവർമെൻറ അഷ്വറൻസു തന്നിട്ടുമുണ്ടു്. എന്നാൽ ഓരോവർഷവും കഴിയുംതോറും ഈ കാര്യം കൂടുതൽ ശ്രദ്ധപതിച്ചു വരുന്നതല്ലാതെ യാതൊരു ഇമ്പ്രൂവുമെൻറും ഇതുവരേയും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. അനാവശ്യമായി ഡിപ്പാർട്ട്മെൻറിൽ പണം നീക്കിയിരിപ്പു വരികയാണെങ്കിൽ അതിനെ സംബന്ധിച്ചു ശരിയായ നിയന്ത്രണം നടത്തുന്ന ഒരു ഹെഡ ആഫ് ഡിപ്പാർട്ട്മെൻറ സറണ്ടർ സ്റ്റോറുമെൻറ ഫിനാൻസ് ഡിപ്പാർട്ട്മെൻറിലേക്കും ഗവണ്മെൻറിലേക്കും അയക്കണമെന്നു നിർബന്ധമായി വ്യവസ്ഥചെയ്തിട്ടുണ്ടു്. ആണ്ടവസാനത്തിൽ ഓരോ ഡിപ്പാർട്ട്മെൻറിലും ഉദ്ദേശം എത്ര നീക്കിയിരിപ്പു വരുമെന്നു പ്രതീക്ഷിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചു ഓരോ ഡിപ്പാർട്ട്മെൻറൽ ഹെഡും സറണ്ടർ സ്റ്റോറുമെൻറ അയക്കണം. ഈ ആഡിറ റിപ്പോർട്ട് അനുസരിച്ചുള്ള അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ പരിശോധിച്ചാൽ ഒരു ഡിപ്പാർട്ട്മെൻറും ആ വ്യവസ്ഥ അനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു കാണാവുന്നതാണ്. ഇതിനെപ്പറ്റി ഗവണ്മെൻറ ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്. ഒരു രൂപം ഉണ്ടാക്കിയാൽ അതു നടപ്പിൽ വരുത്താൻ ഗവണ്മെൻറിനു സാദ്ധ്യമല്ലെങ്കിൽ ആ രൂപം ക്യാൻസൽ ചെയ്യുകയാണു് നല്ലതു്. അല്ലെങ്കിൽ അതാക്ഷേപാർഹവും ഗവണ്മെൻറിൻെറ ശക്തിഹീനതയെ കാണിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നും ആയി ധരിച്ചേക്കാൻ ഇടയുണ്ട്. മുമ്പുള്ള വർഷങ്ങളിൽ ചില ഡിപ്പാർട്ടുമെൻറുകളിൽനിന്നെങ്കിലും സറണ്ടർ സ്റ്റേറ്റുമെൻറു കൃത്യമായി അയക്കുമായിരുന്നു. എന്നാൽ ഇന്നാകട്ടെ മിക്കഡിപ്പാർട്ടുമെൻറു ഫെഡ്യൂസും ഈ വിഷയത്തിൽ അക്ഷന്തവ്യമായ തെറ്റു കാണിച്ചിട്ടുണ്ടെന്നുള്ള പ്രത്യക്ഷമാണ് ഇതു് ഒരിക്കലും പ്രശംസനീയമായ ഒരു നയമല്ല.

വേറെ ഒരു സംഗതി ഇന്നു നടന്ന വാദപ്രതിവാദങ്ങളിൽ നിന്നു കണ്ടു. ആണ്ടുതോറും ഗവണ്മെൻറു ബഡ്ജറിൽ പി ഡബ്ലിയു. ഡി. ലേക്ക് ഉൾപ്പെടുത്തുന്ന സംഖ്യകൾ എല്ലാം അവക ജോലികൾ ജനങ്ങളുടെ താല്പര്യത്തിനും ആഗ്രഹത്തിനും അനുസരണമായി നടത്താതെ വർഷത്തിൻെറ അന്ത്യഘട്ടത്തിൽ ലാപ്സാക്കി കളയുകയോ rush of expenditure വരുത്തി വാസ്തവവിരുദ്ധമായി മുഴുവൻസംഖ്യയും ചിലവഴിതിരുത്തുകയോ ചെയ്യുന്നു. ഇതു നാം എപ്പോഴും കണ്ടുവരുന്നതാണ്. ഇങ്ങനെയുള്ള കഴുപ്പങ്ങൾ വരാതിരിക്കാൻ വേണ്ടിയാണ് ഓരോ കോപ്പാട്ടിലും അനുവദിച്ചിട്ടുള്ള തുകയുടെ ഇത്രശതമാനം വീതം ചിലവാക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. ആദ്യത്തെ കോപ്പാട്ടിൽ ൧൫ ശതമാനവും രണ്ടും മൂന്നും കോപ്പാട്ടുകളിൽ ൨൫ ശതമാനം വീതവും ഒടുവിൽ ൧൫ ശതമാനവും ചിലവാക്കണമെന്നു നിർദ്ദിഷ്ടമായ വ്യവസ്ഥ ഗവർമെൻറു നടപ്പാക്കിയിട്ടുണ്ടു്.

എന്നാൽ അഡിഷനൽ റിപ്പോർട്ട് ആൻഡ് അപ്രോപ്രിയേഷൻ അക്കൌണ്ടുസിൽനിന്നു കാണുന്നതു് ഒറ്റ കോപ്പാട്ടിൽപ്പോലും പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറു ഈ ക്രമം അനുസരിച്ചു പ്രവർത്തിച്ചിട്ടില്ലെന്നാണ്. ആണ്ടവസാനത്തിൽ അധികം rush of expenditure വരുത്തി വ്യയം ചെയ്യുകയും അതിൻെറ പ്രയോജനം പൊതുജനങ്ങൾക്കു ലഭിക്കാതിരിക്കയും ചെയ്യുന്നു. ഉദാഹരണമായി എൻെറ അനുഭവംതന്നെ പറയാം. ഈ വർഷം ആരംഭിച്ചിട്ടു ഇപ്പോൾ ആറു മാസക്കാലമായി. എൻെറ കാൺസ്റ്റിറ്റ്യുവൻസിയിൽ പല ജോലികളും നടത്തുന്നതിനു അവശ്യം വേണ്ട ധനം ഇക്കൊല്ലത്തെ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യാതൊരു വേലകളും ശരിയായ സമയത്തു് നിർവഹിക്കത്തക്കവണ്ണം ആവശ്യമുള്ള നടപടികൾ ഇതേവരെ ആ ഡിപ്പാർട്ടുമെൻറു് നടത്തിയിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai.]

ഈ അടുത്തകാലത്തു നടന്ന പി. ഡബ്ല്യു. ഡി. അക്കൊമഡേഷൻ കമ്മറിയിലെ നടപടികളെപ്പറ്റിയും എനിക്ക് രണ്ടുവാക്ക് പറയാനുണ്ട്. പി. ഡബ്ല്യു. ഡി. അക്കൊമഡേഷൻ കമ്മറിയുടെ നടപടികൾ കോൺഫിഡൻഷ്യൽ ആയതുകൊണ്ട് അതിനെപ്പറ്റി ഈ സഭയിൽ വിശദമായി പ്രസ്താവിക്കുന്നില്ല. എന്നാൽ അങ്ങയോട് എനിക്കപേക്ഷിക്കുവാനുള്ളത് ആ നടപടികളുടെ പ്രൊസീഡിംഗ്സ് ഒന്നു ദയവായി പരിശോധിച്ചു നോക്കണമെന്നാണ്. ആ പ്രൊസീഡിംഗ്സ് പരിശോധിച്ചാൽ പി. ഡബ്ല്യു. ഡി. അധികാരികൾ അക്കൊമഡേഷൻ കമ്മറിയുടെ നിർദ്ദേശങ്ങളെ അവഗണിച്ചു പ്രവർത്തിക്കുന്നില്ലെന്നു പ്രത്യക്ഷമായി കാണാൻ കഴിയുന്നതാണ്. ഈ വിഷയത്തിൽ അവർ മനഃപൂർവ്വമായ ഉപേക്ഷ കാണിക്കുന്നുണ്ട്.

Mr. K. A MAHOMED: അക്കൊമഡേഷൻ കമ്മറിയുടെ തീരുമാനമാണോ, അവിടത്തെ പ്രൊസീഡിംഗ്സാണോ, ഏതാണ് കോൺഫിഡൻഷ്യൽ എന്നു പറഞ്ഞതു്.

Mr. PULIYOOR T. P. VELAYUDHAN PILLAI: അവിടെ നടക്കുന്ന വാഗ്വിവാദങ്ങളെല്ലാം തന്നെ ആരംഭം മുതൽ അവസാനംവരെ കോൺഫിഡൻഷ്യൽ ആണെന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു്.

Mr. K. A. MAHOMED: ഈ വിവരം ബഹുമാനപ്പെട്ട മെമ്പർ എവിടെനിന്നാണ് ധരിച്ചതു്.

Mr. PULIYOOR T. P. VELAYUDHAN PILLAI: എന്റെ സാമാന്യബുദ്ധിയും മറ്റുള്ളതുപോലെയുള്ള കമ്മറിയോഗങ്ങളിലെ നടപടികൾ കോൺഫിഡൻഷ്യലാണെന്നുള്ള വ്യവസ്ഥകളും അനുസരിച്ചുമായും അങ്ങിനെ ധരിച്ചതാണ്.

Mr. P. O. THOMAS: Is there any rule of law that the proceedings or conclusions of a select Committee should be kept confidential?

Mr. PULIYOOR T. P. VELAYUDHAN PILLAI: സാധാരണ സെലക്ട് കമ്മറിയുടെ നടപടികളെപ്പറ്റിയും ഈ കൺവൻഷൻ തന്നെയാണ് ഉള്ളതു്. ഏതായാലും അവിടത്തെ തീരുമാനങ്ങളുടേയും നടപടികളുടെയും പകർപ്പുകൾ ഗവണ്മെന്റിന് അയയ്ക്കുന്നുണ്ട്. അതു നോക്കിയാൽ കാണാം എങ്ങനെയാണ് എതുദ്ദേശത്തോടുകൂടിയാണ് പി. ഡബ്ല്യു. ഡി. അക്കൊമഡേഷൻ കമ്മറി കൃത്യനിർവഹണം നടത്തിപ്പോരുന്നതു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തന്നത്. ഗവണ്മെന്റിന്റെ ഉദ്ദേശം എത്ര നല്ലതായാൽതന്നെയും ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും ഉപേക്ഷയും ശ്രദ്ധയില്ലായ്മയും നിമിത്തം വലിയ സങ്കടങ്ങൾ ജനങ്ങൾ അനുഭവിക്കുന്നുണ്ടെന്നു ഈ ആഡിറ്റ് റിപ്പോർട്ടും അപ്രൊപ്രിയേഷൻ അക്കൗണ്ടും സാക്ഷ്യം വഹിക്കുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഇത്തരം അനാശാസ്യനടപടികൾക്കു വിരാമം ഇടുവാൻ എത്രയും വേഗത്തിൽ ഗവണ്മെന്റു ശ്രദ്ധിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

PRESIDENT: Have you anything to say on that matter?

MR. N. RAMAMURTHI: No, I have no information.

MR. S. NARAYANA AIYAR: The first reference was to the discrepancy in regard to the figures relating to the Transport Department. The Government accounts were prepared on a cash basis and the departmental accounts were prepared on a commercial basis. In the committee it was not possible for the Director of Transport to explain then and there the necessary accounts.

PRESIDENT: Will the Honourable member indicate what is necessary to the point. There are certain disbursements made which were neither authorised under Section 32, nor otherwise ratified.

MR. S. NARAYANA AIYAR: It relates to Government's contribution to the Vanchi poor fund. The payment was made towards the close of the year. The Government authorised the payments.....

PRESIDENT: Nevertheless, it was irregular not to have sought help under Section 32 or authority for the disbursement. Therefore, even though it was in pursuance of an undertaking by Government, there ought to have been a formal Government order authorising that payment. I trust that such irregularities will not recur.

MR. S. NARAYANA AIYAR: Yes, Sir. It was towards the close of the year and there was no time for applying for supplementary grants.

MR. PULIYOOR T. P. VELAYUDHAN PILLAI: In addition to that, more than 7 lakhs have been spent without sufficient sanction. This is not the only case.

MR. S. NARAYANA AIYAR: It was mostly due to the revision of salaries which was sanctioned from 1-6-119 and it was not possible to obtain sanction for each department. The amounts represents the total amount.

MR. N. RAMAMURTHI: With regard to the statement made about me, I regret very much my absence there. I assure the Honourable Members that it was due to not want of respect to the members.

PRESIDENT: Order, order. It must be definitely borne in mind that two of the most vital committees connected with the Legislature are the Finance Committee and the public Accounts Committee and it is in those committees that the members of the Committee have the fullest opportunity for examining and investigating the expenditure

[President.]

and the proposals for expenditure. I am therefore expecting and hoping that members of the services and heads of the Department will attend all those meetings and give all possible information. If they cannot give any information on any particular day, they may take time and give the opinion on the following day. That must be the general policy hereafter.

We will now go on with the Legislative business.

LEGISLATIVE BUSINESS.

MR. N. RAMAKRISHNA PILLAI: I beg to present the report of the Select Committee on the Travancore Nurses, Midwives, and Dhais Bill and move that the Bill be taken into consideration.

MR. S. NARAYANA AIYAR: I second it.

The question that the Travancore Nurses, Midwives and Dhais Bill be taken into consideration was put to vote and carried.

Clauses 2 to 36.

The question that Clauses 2 to 36 do stand part of the Bill was put to vote and carried.

Clauses 2 to 36 were added to the Bill.

MR. N. RAMAKRISHNA PILLAI: Sir, I move that in clause 1, Sub-clause 1, for the figures 111, the figures 1121 may be substituted.

MR. S. NARAYANA AIYAR: I second it.

The question that Clause 1 as amended, stands part of the Bill was put to vote and carried.

PREAMBLE AND TITLE.

The question that the Preamble and title do stand part of the Bill, was put to vote and carried.

The Preamble and Title were added to the Bill.

MR. N. RAMAKRISHNA PILLAI: I beg to move that the Bill be passed.

MR. S. NARAYANA AIYAR: I second it.

The question that the Bill be passed was put to vote and carried.

The Bill was passed.

THE CIVIL PROCEDURE CODE (AMENDMENT) BILL.

MR. N. RAMAKRISHNA PILLAI: Sir, I beg to present the report of the Select Committee on the Civil Procedure Code (Amendment) Bill, and move that the Bill be taken into consideration.

MR. S. NARAYANA AIYAR: I Second it.

The question that the Travancore Civil Procedure Code (Amendment) Bill be taken into consideration was put to vote and carried.

Clauses 2 to 7.

The question that clauses 2 to 7 do stand part of the Bill was put to vote and carried.

The Clauses were added to the Bill.

MR. N. RAMAKRISHNA PILLAI: I beg to move that in clause 1, sub-clause 1, for the figures 111, the figures 1121 may be substituted.

LIBRARY ARCHIVES Kerala Legislative Assembly